## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**5543**

18-11-2019 ൽ മറുപടിയ്ക്ക്

## ചങ്ങനാശ്ശേരി ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്.തോമസ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനിൽ ഉദ്യോഗസ്ഥർക്കുവേണ്ടി എത്ര ക്വാർട്ടേഴ്സാണ് ആവശ്യമായിട്ടുള്ള തെന്ന് വെളിപ്പെടുത്താമോ ; | എ) 12 എണ്ണം. |
| ബി) നിലവിൽ എത്ര ക്വാർട്ടേഴ്സിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | ബി) രണ്ട് ക്വാർട്ടേഴ്സുകളുടെ പണി 90% പൂർത്തിയായിട്ടുണ്ട്. ബാക്കി പണികൾ പുരോഗമിച്ചു വരുന്നു. |
| സി) ബാക്കി ക്വാർട്ടേഴ്സിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സി) 10 ക്വാർട്ടേഴ്സുകൾ കൂടി പണിയുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. |
| ഡി) ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനിലെ ഒരു ഫയർ എൻജിൻ മറ്റ് ഏതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ അത് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | ഡി) കാഞ്ഞിരപ്പള്ളി നിലയത്തിലേക്ക് മാറ്റിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി നിലയത്തിലെ മൊബൈൽ ടാങ്കർ യൂണിറ്റിന്റെ അറ്റകുറ്റപ്പണി തീർത്ത് ഉപയോഗയോഗ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വാഹനം ചങ്ങനാശ്ശേരി നിലയത്തിന് തിരികെ ലഭ്യമാക്കുന്നതാണ്. |
| ഇ) ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനിലെ ആംബുലൻസ് ബാറ്ററിയുടെ അഭാവം കൊണ്ടും ജീപ്പ് ടയർ ഇല്ലാത്തതുകൊണ്ടും ഓടാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) ആംബുലൻസിന് പുതിയ ബാറ്ററി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജീപ്പ് പ്രവർത്തനക്ഷമമാക്കി ഉപയോഗിച്ചു വരുന്നു. |

എഫ്) ചങ്ങനാശ്ശേരിയിലെയും മറ്റ് സമീപ പ്രദേശങ്ങളിലേയും സേവനത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ചങ്ങനാശ്ശേരി ഫയർ സ്റ്റേഷന്റെ സേവനം തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എഫ്) ചങ്ങനാശ്ശേരി അഗ്നിരക്ഷാ നിലയത്തിന്റെ സേവനം നിലവിൽ തടസ്സമില്ലാതെ നടന്നു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ